**സ്വിസ് കോണ്ഫെ ഡറേഷൻ പ്രസിഡണ്ടിന്റെ ഇന്ത്യാ ഔദ്യോഗിക സന്ദര്ശനം (30 ആഗസ്ത് - 1 സെപ്തംബർ 2017)**

ആഗസ്ത് 28, 2017

സ്വിസ് കോണ്ഫെഡറേഷൻ പ്രസിഡണ്ട് ഹേർ എക്സലന്സി ശ്രീമതി ഡോറിസ് ലിയുതാര്ഡ് ഔദ്യോഗിക സന്ദര്ശനത്തിന് ഇന്ത്യയിൽ ആഗസ്ത് 30 -സെപ്തംബർ 1 തീയതികളിൽ എത്തുന്നു

സ്വിസ് കോണ്ഫെഡറേഷൻ പ്രസിഡണ്ടിനൊപ്പം മുതിര്ന്ന ഗവണ്മെന്റ് ഉദ്യോഗസ്ഥർ, പ്രമുഖ സ്വിസ്സ് കമ്പനികളിൽ നിന്നും വലിയ ബിസിനസ് പ്രതിനിധി സംഘം എന്നിവരും ഉണ്ടാകും. സ്വിസ് പ്രസിഡണ്ട് 1998 , 2003 , 2007 തുടങ്ങി മൂന്നു അവസരങ്ങളിൽ നേരത്തെ ഇന്ത്യ സന്ദര്ശിച്ചിട്ടുണ്ട്

സന്ദര്ശനത്തോടനുബന്ധിച്ച് സ്വിസ് പ്രസിഡണ്ട് ആദരണീയനായ രാഷ്ട്രപതിയുമായി കൂടിക്കാഴ്ച നടത്തുകയും പ്രധാനമന്ത്രിയുമായി ചര്ച്ചകൾ നടത്തുകയും ചെയ്യും.ഇന്ത്യയുടെ ഉപ രാഷ്ട്രപതി സ്വിസ്സ് പ്രസിഡണ്ടുമായി കൂടിക്കാഴ്ച നടത്തും .കേന്ദ്ര വിദേശകാര്യ മന്ത്രി, മറ്റു മന്ത്രിമാർ എന്നിവർ സ്വിസ്സ് പ്രസിഡണ്ടിനൊപ്പം പ്രത്യേകം കൂടിക്കാഴ്ച നടത്തും.

ഇന്ത്യയും സ്വിറ്റ്സര്ലന്ഡും തമ്മിൽ വളരെ വലിയ സാമ്പത്തിക ബന്ധങ്ങളാണുള്ളത് . ഇന്ത്യയുടെ ഏഴാമത്തെ ഏറ്റവും വലിയ വ്യാപാര പങ്കാളിയും പതിനൊന്നാമത് വലിയവിദേശ നിക്ഷേപകരും ആണ് സ്വിറ്റ്സര്ലന്ഡ് . ഇരു രാജ്യങ്ങളും പൊതുകാഴ്ചപ്പാടുകൾ വളരെ വലിയ ആഗോള വിഷയങ്ങളിൽ പങ്കു വയ്ക്കുന്നു. നടക്കുവാനിരിക്കുന്ന സന്ദര്ശനം ഇരു വിഭാഗങ്ങള്ക്കും പരസ്പരം താത്പര്യമുള്ള ഉഭയകക്ഷി , ആഗോള , മേഖലാ വിഷയങ്ങളിൽ വിശാലമായ രീതിയിൽ ചര്ച്ചകൾ നടത്തുവാനുള്ള അവസരം ആകും നല്കുക

ന്യൂ ഡെല്ഹി
ആഗസ്ത് 28, 2017